# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2483 06.12.2018 -ൽ മറുപടിക്ക്

## പ്രളയത്തിൽ തകർന്ന ചെറുകിട വ്യവസായ മേഖല

ചോദ്യം — ശ്രീ.വി. അബ്ദുറഹിമാൻ

ഉത്തരം — ശ്രീ. ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | പ്രളയത്തിൽ നാശോന്മുഖമായ ചെറുകിട വ്യവസായ മേഖലയെ പുനരധിവസിപ്പിക്കുന്നതിനും ഈ മേഖലയിലെ പ്രശ്ന പരിഹാരത്തിനുമായി വ്യവസായവകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ; | എ) | പ്രളയക്കെടുതിയിൽ ഉൾപ്പെട്ട MSME യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിലേക്കായി ചുവടെ വിവരിക്കുന്ന പദ്ധതികൾ 2019 -20 -ലെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേക്കായി സംസ്ഥാന പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.<br>1) **ദുരിത ബാധിത പുനർ നിർമാണ സംരംഭക സഹായ പദ്ധതി**<br>വെള്ളപ്പൊക്ക ദുരന്തത്തിൽപ്പെട്ട എം.എസ്.എം.ഇ സംരംഭകർക്ക് അവരുടെ സംരംഭം പുന:സ്ഥാപിക്കുന്നതിലേക്കായി സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. സ്റ്റാർട്ട് അപ്പ് സഹായം, നിക്ഷേപ സഹായം എന്നിങ്ങനെ രണ്ടു ഘട്ടമായി സഹായം നൽകും.<br>2) **പലിശ സഹായ പദ്ധതി**<br>ദുരന്ത ബാധിത സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർ സംരംഭം വീണ്ടെടുക്കുന്നതിനായി പുതുതായി ബാങ്കുകൾ വഴി നേടുന്ന വായ്പകളിൽ 6% മുതൽ 8% വരെ പലിശയിളവ് 3 വർഷത്തേയ്ക്ക് ലഭിക്കുന്ന രീതിയിൽ സർക്കാർ സബ്സിഡി ലഭ്യമാക്കുകയെന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. |
| ബി) | പ്രളയത്തിൽ നിന്ന് കരകയറാൻ പാടുപെടുന്ന ചെറുകിട വ്യവസായ മേഖലയെ സഹായിക്കാൻ സംസ്ഥാനത്തിന് ഈയിനത്തിൽ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ. | ബി) | പ്രളയത്തിലുൾപ്പെട്ട ചെറുകിട വ്യവസായ മേഖലയുടെ പുന:രുദ്ധാരണത്തിന് മാത്രമായി പ്രത്യേക കേന്ദ്ര സഹായം ലഭിച്ചിട്ടില്ല. |
| സി) | കേന്ദ്ര സഹായത്തിനായി എന്തെങ്കിലും റിപ്പോർട്ട് സംസ്ഥാന വ്യവസായ വകുപ്പ് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | സി) | സംസ്ഥാനത്ത് ഉണ്ടായ നാശനഷ്ടം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിക്കുകയും സഹായം അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ